LIBRARY ARCHIVES Kerala Legislative Assembly

അവിവാഹിതരായ ആദിവാസി അമ്മമാരുടെ പുനരധിവാസ പദ്ധതി

269 (4260) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവിവാഹിതരായ ആദിവാസി അമ്മമാരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ അവിവാഹിതരായ പട്ടികവർഗ്ഗ അമ്മമാരെ പുനരധിവസിപ്പിക്കുന്നതിനായി 2011-12 സാമ്പത്തികവർഷം പുതിയ പദ്ധതി ആവിഷ്കരിച്ചിരുന്നു. ഇവരുടെ ഭൗതിക ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള പാക്കേജിൽ ഭവന നിർമ്മാണം, വീട് റിപ്പെയർ, ജീവനോപാധി പദ്ധതികളായ കറവപ്പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ കൂട്-വട്ടി നിർമ്മാണം, തയ്യൽ പരിശീലനം, തയ്യൽ മെഷീൻ വിതരണം, പെട്ടിക്കട നടത്തുന്നതിന് ധനസഹായം എന്നിവ ഉൾപ്പെടുന്നു. ഇവയ്ക്കുപുറമെ പട്ടികവർഗ്ഗത്തിൽപ്പെട്ട 526 അവിവാഹിതരായ അമ്മമാർക്ക് "സ്നേഹസ്പർശം" എന്ന പെൻഷൻ പദ്ധതി പ്രകാരം പ്രതിമാസം അയിരംരൂപ പെൻഷൻ നൽകിവരുന്നുണ്ട്.

(സി) സാമൂഹ്യ സുരക്ഷാ മിഷനും പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ടും പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ഡി) ആദിവാസി അമ്മമാരുടെ പുനരധിവാസത്തിനായി 2011-12 സാമ്പത്തിക വർഷം ഇക അനുവദിച്ചിരുന്നു. ടി പദ്ധതിയിൽപ്പെട്ട ഭവനനിർമ്മാണത്തിന്റെ തുടർ പ്രവർത്തനങ്ങൾക്കായി 2012-13, 2013-14 വർഷങ്ങളിലും ഇക അനുവദിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.